# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**സണ്ണി എം. സി**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9446561939**

**പി.ആർ.ഒ/35/224/2016** **പത്രക്കുറിപ്പ്** **2016 ഒക്ടോബർ 20**

## എം.എസ്.ഡബ്ല്യൂ: പ്രവേശനപ്പരീക്ഷ

എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ അഫിലിയേറ്റഡ് കോളജുകളിലെ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് പ്രോഗ്രാമിലേക്കുള്ള പ്രവേശനപ്പരീക്ഷ ഒക്ടോബർ 23ന് രാവിലെ 11 മണിക്ക് കോട്ടയം സി.എം.എസ് കോളജിൽ വച്ച് നടക്കും. എല്ലാ അപേക്ഷകർക്കും അഡ്മിറ്റ് കാർഡുകൾ തപാലിൽ അയച്ചിട്ടുണ്ട്. തപാലിൽ അഡ്മിറ്റ് കാർഡ് ലഭിക്കാൻ കാലതാമസം വരുന്നപക്ഷം സർവ്വകലാശാലയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡ്മിറ്റ് കാർഡിന്റെ മാതൃക ഡൗൺ ലോഡ് ചെയ്ത് പ്രിന്റെടുത്ത് ഫോട്ടോ പതിച്ച് പരീക്ഷാ ഹാളിൽ ഹാജരാകണം. ഫോൺ 0481–6555562.

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ ബി.ടെക് (2015 മുതലുള്ള അഡ്മിഷൻ – റഗുലർ)ഡിഗ്രി പരീക്ഷകൾ നവംബർ 7ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 25 വരെയും 50 രൂപ പിഴയോടെ 26 വരെയും 500 രൂപ സൂപ്പർഫൈനോടെ 28 വരെയും സ്വീകരിക്കും. ഓരോ സെമസ്റ്ററിനും 200 രൂപ വീതം സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

രണ്ടാം വർഷ എം.എസ്.സി മെഡിക്കൽ അനാട്ടമി (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ നവംബർ 11ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 26 വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർഫൈനോടെ 31 വരെയും സ്വീകരിക്കും.

രണ്ടാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി (പുതിയ സ്കീം – 2015 അഡ്മിഷൻ റഗുലർ, 2015ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ നവംബർ 11ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 26 വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർഫൈനോടെ 31 വരെയും സ്വീകരിക്കും.

മൂന്നും നാലും സെമസ്റ്റർ എം.ബി.എ (പഴയ സ്കീം – 2010, 2011 അഡ്മിഷൻ – മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 26 മുതൽ കളമശ്ശേരി രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസസിൽ നടത്തും. പരീക്ഷാ തീയതിയ്ക്കും സമയത്തിനും മാറ്റമില്ല.

## പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും

നാലാം സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ് (പ്രൈവറ്റ് സ്റ്റഡി – റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും ഒക്ടോബർ 28 മുതൽ നവംബർ 2 വരെ നടത്തും.വിദ്യാർത്ഥികൾ ഹാൾ ടിക്കറ്റും തിരിച്ചറിയൽ രേഖയുമായി പരീക്ഷാ കേന്ദ്രത്തിൽ ഹാജരാകണം. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ എം.എസ്.സി ബോട്ടണി (സി.എസ്.എസ്) ഡിഗ്രി പരീക്ഷയുട പ്രാക്ടിക്കൽ അതത് കോളജുകളിൽ ഒക്ടോബർ 24 മുതൽ നടത്തും.

രണ്ടാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് ഫിസിക്സ് ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 24, 25 തീയതികളിൽ കോട്ടയം സി.എം.എസ് കോളജിൽ വച്ച് നടത്തും.

രണ്ടാം സെമസ്റ്റർ എം.എസ്.സി മൈക്രോബയോളജി (സി.എസ്.എസ് – 2015 അഡ്മിഷൻ റഗുലർ/2012 മുതലുള്ള അഡ്മിഷൻ സപ്ലിമെന്ററി, മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 25ന് വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

രണ്ടാം സെമസ്റ്റർ എം.എസ്.സി ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ്/ഫുഡ് സയൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ/ഫുഡ് സയൻസ് ആന്റ് ടെക്നോളജി (സി.എസ്.എസ് – റഗുലർ സ്റ്റഡി – 2015) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ഒക്ടോബർ 27 മുതൽ നവംബർ 16 വരെ വിവിധ കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

നാലാം സെമസ്റ്റർ എം.എസ്.സി ഫുഡ് ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (സി.എസ്.എസ് – 2013 അഡ്മിഷൻ – റഗുലർ – യു.ജി.സി സ്പോൺസേർഡ്) ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 27 മുതൽ നവംബർ 3 വരെ അമലഗിരി ബി.കെ കോളജിൽ വച്ച് നടത്തും.

## പരീക്ഷാ ഫലം

2016 ഫെബ്രുവരി മാസം സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ രീതിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ എജ്യൂക്കേഷൻ ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

## സംവരണ സീറ്റൊഴിവ്

എം.ജി സർവ്വകലാശാലയുടെ പത്തനംതിട്ട സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസസിൽ എം.എസ്.സി ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ കോഴ്സിൽ എസ്.സി–1, എസ്.ടി–1., എൽ.സി–1, മുസ്ലിം–2 എന്നീ വിഭാഗങ്ങളിൽ സീറ്റുകൾ ഒഴിവുണ്ട്. ഫോൺ 0468–2323957, 9446705344.

## കോളജധികൃതരുടെ ശ്രദ്ധയ്ക്ക്

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് നവംബർ 2015 പരീക്ഷയുടെ ഉത്തരക്കടലാസുകൾ സ്റ്റോക്ക് ഫൈനലൈസേഷൻ നടത്താത്ത കോളജുകൾ ഒക്ടോബർ 22 ശനിയാഴ്ച അഞ്ച് മണിക്ക് മുൻപ് ജോലികൾ പൂർത്തിയാക്കണം. സ്റ്റോക്ക് ഫൈനലൈസേഷൻ നടത്താത്ത കോളജുകളുടെ ഫലം തടഞ്ഞ് വെക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)